## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 160 — 18-06-2012 -ൽ മറുപടിക്ക്.

**മദ്യനയം**

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>" സണ്ണി ജോസഫ് :<br>" എം. പി. വിൻസെന്റ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യനയം കർശനമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) കേരളത്തിൽ വളർന്നു വരുന്ന അമിത മദ്യ ഉപഭോഗത്തിനെതിരെ ശക്തമായ മദ്യനയമാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ള് ചെത്ത് വ്യവസായത്തെ പൂർണ്ണമായി സംരക്ഷിക്കുന്നതോടൊപ്പം ശുദ്ധമായ കള്ള് മാത്രം കള്ളുഷാപ്പുകളിലൂടെ വിപണനം നടത്തുന്നതിന് വേണ്ട ശക്തമായ നടപടികൾ സ്വീകരിച്ചു. 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് നിർത്തൽ ചെയ്തു. പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ ബാർ ഹോട്ടലുകൾ തമ്മിലുള്ള ദൂരപരിധി പഞ്ചായത്തുകളിൽ 3 കി.മീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ 1 കി.മീറ്ററുമാക്കി നിജപ്പെടുത്തി. പുതുതായി ആരംഭിക്കുന്ന ബാർ ഹോട്ടലുകൾക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ കോളനി എന്നിവയിൽ നിന്നും 200 മീറ്റർ ദൂരപരിധി നിശ്ചയിച്ചു. ദു:ഖവെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ വെട്ടിക്കുറച്ചു. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററാക്കി പരിമിതപ്പെടുത്തി. മദ്യാസക്തിക്കെതിരെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും, മദ്യമയക്കു മരുന്നു വിപത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനത്തിനും തുടക്കം കുറിച്ചു. |
| (ബി) ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ എന്തെല്ലാം കാതലായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ ബാർ ഹോട്ടലുകൾ തമ്മിലുള്ള ദൂരപരിധി പഞ്ചായത്തുകളിൽ 3 കി.മീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ 1 കി.മീറ്ററുമാക്കി നിജപ്പെടുത്തി. 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് നിർത്തൽ ചെയ്തു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിൽ രാവിലെ 8 മുതൽ രാത്രി 11 മണിവരെയും കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 9 മുതൽ രാത്രി 12 മണിവരെയുമാക്കി പരിമിതപ്പെടുത്തി. നക്ഷത്ര പദവിയില്ലാത്ത ബാർ ഹോട്ടലുകളിലെ പാർട്ട്ണർമാർ പിരിഞ്ഞ് പോകുന്നതിന് ഓരോ പാർട്ട്ണറും 2 ലക്ഷം രൂപ ഫീസടച്ച് പാർട്ട്ണർഷിപ്പ് പുനർ രൂപീകരിക്കുന്നതിനുള്ള നിയമ ഭേദഗതി വരുത്തി. |

| | | | |
|---|---|---|---|
| (സി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സംസ്ഥാനത്തെ, സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിച്ച്, വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് അവരെ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക, മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ഉദ്ദേശങ്ങളോടെ, എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിൻെറ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും എഫ്.എം. റേഡിയോ, ആകാശവാണി എന്നിവ വഴിയുള്ള പ്രചരണം എന്നിവ നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കി വരുന്നത്. |
| (ഡി) | ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെ ല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് നിർത്തൽ ചെയ്തു. പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ ബാർ ഹോട്ടലുകൾ തമ്മിലുള്ള ദൂരപരിധി പഞ്ചായത്തുകളിൽ 3 കി.മീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ 1 കി.മീറ്ററുമാക്കി നിജപ്പെടുത്തി. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിൽ രാവിലെ 8 മുതൽ രാത്രി 11 മണിവരെയും കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 9 മുതൽ രാത്രി 12 മണിവരെയുമാക്കി പരിമിതപ്പെടുത്തി. പുതുതായി ആരംഭിക്കുന്ന ബാർ ഹോട്ടലുകൾക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ കോളനി എന്നിവയിൽ നിന്നും 200 മീറ്റർ ദൂരപരിധി നിശ്ചയിച്ചു. |

സെക്ഷൻ ആഫീസർ